**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3600** **25.06.2013-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി. യ്ക്ക് ആവശ്യമുള്ള സാധനങ്ങളുടെ വിതരണം.

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ :

(എ) കെ. എസ്. ഇ. ബി. ക്ക് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകളും ഇരുമ്പ് പോസ്റ്റുകളും നിലവിൽ വിതരണം ചെയ്യുന്ന ഏജൻസി ഏതാണ് ; എന്ത് തുകയ്ക്കാണ് ഇവ ഓരോന്നും വിതരണം ചെയ്യുന്നത് ; ഇപ്രകാരം വിതരണം ചെയ്ത വകയിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ എത്ര കോൺക്രീറ്റ്, ഇരുമ്പ് പോസ്റ്റുകൾ സംസ്ഥാനത്ത് വാങ്ങിയെന്നും ഈ ഇനത്തിൽ ചെലവായ തുക എത്രയാണെന്നും തരം തിരിച്ച് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) കെ. എസ്. ഇ. ബി. യ്ക്ക് ആവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ താഴെപ്പറയുന്ന ഏജൻസികളിൽ നിന്നും ലഭ്യമാക്കി വരുന്നു.

1. ഇംപീരിയൽ ട്രേഡിംഗ് കമ്പനി, കൊല്ലംകോട്, കന്യാകുമാരി ജില്ല.
2. വെള്ളക്കാമറ്റത്തിൽ ഇൻഡസ്ട്രീസ്, പന്തളം.
3. പൂജ ഇൻഡസ്ട്രീസ്, കോട്ടയം.
4. വേണാട് സ്ട്രക്ചറൽസ്, കോട്ടയം.
5. റാഫേൽ ആൻറ് കമ്പനി, തൃശ്ശൂർ.
6. കോതമംഗലം അഗ്രിഗേറ്റ്സ്, കോതമംഗലം.
7. ശിവശക്തി എഞ്ചിനീയറിംഗ് ആൻറ് ഫാബ്രിക്കേറ്റേഴ്സ്, വാളയാർ, പാലക്കാട്.
8. ആങ്കർ സ്ട്രക്ചറൽസ്, കോലഞ്ചേരി, എറണാകുളം.
9. ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മംഗലാപുരം.
10. പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കണ്ണൂർ.
11. കെ. ജെ. ജോസഫ് (മങ്ങാട്ടുപറമ്പ് പോൾ കാസ്റ്റിംഗ് യാർഡ്), കണ്ണൂർ.
12. വെള്ളക്കാമറ്റത്തിൽ ഇൻഡസ്ട്രീസ്, മാനന്തവാടി.

ഓരോ ഏജൻസികളിൽ നിന്നും ടെൻഡർ മുഖേന വിവിധ നിരക്കുകളിലാണ് പോസ്റ്റുകൾ ലഭ്യമാക്കി വരുന്നത്. ഓരോ തരം പോസ്റ്റിൻെറ നിരക്ക് താഴെ പറയുന്നു.

| | |
|---|---|
| 7 മീറ്റർ | 1,259 രൂപ മുതൽ 1,472.63 രൂപ വരെ |
| 8 മീറ്റർ | 1,585 രൂപ മുതൽ 1,926.37 രൂപ വരെ |
| 9 മീറ്റർ | 2,409 രൂപ മുതൽ 2,826.68 രൂപ വരെ |

2011-12, 2012-13 കാലയളവിൽ ലഭ്യമായ പോസ്റ്റിൻേറയും ചെലവായ തുകയുടേയും വിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ഉപയോഗിച്ച പോസ്റ്റിൻെറ എണ്ണം | ചെലവായ തുക |
|---|---|---|
| 2011-12 | 5,16,430 | 87,33,94,861 |
| 2012-13 | 4,00,365 | 91,26,01,423 |

വൈദ്യുതി ബോർഡിനാവശ്യമായ ഇരുമ്പു പോസ്റ്റുകൾ (എ പോസ്റ്റുകൾ) ബോർ ഡിൻെറ ഉടമസ്ഥതയിലുള്ള മൂന്ന് മെക്കാനിക്കൽ ഫാബ്രിക്കേഷൻ യൂണിറ്റുകളിലാണ് (പള്ളം, അങ്കമാലി, കോഴിക്കോട്) നിർമ്മിക്കു ന്നത്. 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിർമ്മിച്ച് വിതരണം ചെയ്ത എ പോസ്റ്റുകളുടെ എണ്ണവും ചെലവായ തുകയും ചുവടെ ചേർക്കുന്നു.

| വർഷം | പോസ്റ്റിൻെറ നീളം | പോസ്റ്റിൻെറ എണ്ണം | ചെലവായ തുക (രൂപ) |
|---|---|---|---|
| 2011-12 | 10 മീ | 744 | 91,44,352/- |
| | 11 മീ | 1807 | 2,37,26,298/- |
| | 12 മീ | 2289 | 3,40,58,544/- |
| | 13 മീ | 300 | 50,87,400/- |
| | 14 മീ | 362 | 1,03,51,390/- |
| 2012-13 | 10 മീ | 390 | 54,85,682/- |
| | 11 മീ | 1123 | 1,88,11,688/- |
| | 12 മീ | 1740 | 2,97,39,560/- |
| | 13 മീ | 206 | 35,47,347/- |
| | 14 മീ | 232 | 67,82,988/- |

(ബി) 2011-12, 2012-13 വർഷങ്ങളിൽ ശരാശരി എത്ര പോസ്റ്റുകൾ കെ. എസ്. ഇ. ബി. യ്ക്ക് ഉപയോഗത്തിനായി വേണ്ടി വന്നു ; വ്യക്തമാക്കുമോ ;

(ബി)

| സാമ്പത്തിക വർഷം | ഉപയോഗിച്ച പോസ്റ്റുകളുടെ എണ്ണം |
|---|---|
| 2011-12 | 3,86,293 |
| 2012-13 | 3,44,951 |

(സി) ഇപ്പോൾ കെ. എസ്. ഇ. ബി ഓഫീസുകളിലും വിവിധ റോഡ് പുറമ്പോക്കുകളിലുമായി ഉപ

(സി) സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ഉപയോഗത്തിനായി കിടക്കുന്ന പോസ്റ്റുകളുടെ ജില്ല തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു.

| | | | |
|---|---|---|---|
| | യോഗിക്കാതെ കിടക്കുന്ന എത്ര ഇരുമ്പ്, കോൺക്രീറ്റ്, തടി പോസ്റ്റുകളുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | | |
| (ഡി) | 2013-14 വർഷത്തിൽ എത്ര പുതിയ വിവിധ ഇനം പോസ്റ്റുകൾക്കായി ഓർഡർ നല്കിയിട്ടുണ്ട് ; ഇതിൽ എത്രയെണ്ണം കെ. എസ്. ഇ. ബി. യ്ക്ക് ലഭിച്ചിട്ടുണ്ട് ; ഇനി എത്രയെണ്ണം ലഭിക്കാനുണ്ട് ; വ്യക്തമാക്കുമോ ; | (ഡി) | 2013-14 വർഷത്തിലേക്കായി പുതിയ ഓർഡറുകൾ ഒന്നും നൽകിയിട്ടില്ല. നിലവിലുള്ള ഓർഡറുകളിൽ നിന്നാണ് പോസ്റ്റുകൾ ലഭ്യമാക്കിവരുന്നത്. |
| (ഇ) | 2013-14-ൽ ഇത്തരം പോസ്റ്റുകൾ വാങ്ങാനായി എന്തു തുകയാണ് കെ. എസ്. ഇ. ബി മാറ്റിവച്ചിരിക്കുന്നത് ; വ്യക്തമാക്കുമോ ; | (ഇ) | പോസ്റ്റുകൾ വാങ്ങുന്നതിന് മാത്രമായി തുക വകയിരുത്തിയിട്ടില്ല. വിതരണ വിഭാഗത്തിലെ പ്രവൃത്തികൾക്ക് ആവശ്യമുള്ള തുകയാണ് വാർഷിക പദ്ധതിയിൽ വകയിരുത്തുന്നത്. |
| (എഫ്) | ആവശ്യത്തിലധികം പോസ്റ്റുകൾക്ക് ഓർഡർ നൽകി കെ. എസ്. ഇ. ബി. യ്ക്ക് ധനനഷ്ടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (എഫ്) | ഇല്ല. വാർഷിക പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ആവശ്യമായിട്ടുള്ള പോസ്റ്റുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. മറ്റ് സാധന സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലം കഴിഞ്ഞ വർഷങ്ങളിൽ എല്ലാ പോസ്റ്റുകളും ഉപയോഗിക്കാൻ കഴിഞ്ഞിരുന്നില്ല. ഇവ ഉപയോഗിച്ച് ആർ. ജി. ജി. വി. വൈ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം : ചോദ്യം നമ്പർ 3600(സി)

| ജില്ല | ഇരുമ്പ് | കോൺക്രീറ്റ് | തടി |
|---|---|---|---|
| തിരുവനന്തപുരം | 548 | 16,364 | 13,466 |
| കൊല്ലം | 316 | 13,980 | 5,438 |
| പത്തനംതിട്ട | - | 8,912 | - |
| കോട്ടയം | 754 | 11,133 | 2828 |
| ആലപ്പുഴ | - | 17,089 | - |
| എറണാകുളം | 62 | 4,838 | - |
| ഇടുക്കി | - | 11,926 | - |
| തൃശ്ശൂർ | - | 3,747 | - |
| പാലക്കാട് | - | 24,803 | - |
| മലപ്പുറം | - | 22,531 | - |
| കോഴിക്കോട് | 31 | 31,578 | - |
| വയനാട് | 12 | 21,270 | - |
| കണ്ണൂർ | 9 | 37,254 | - |
| കാസർഗോഡ് | - | 21,958 | - |